പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2262

18.6.2013 ൽ
മറുപടിയ്ക്ക്

ഓരോ ജില്ലയിലും ഐ.റ്റി. പാർക്ക്

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം ; | | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഓരോ ജില്ലയിലും ഐ.ടി. പാർക്ക് സ്ഥാപിക്കുക എന്ന മുൻ സർക്കാരിന്റെ നയമനുസരിച്ച് ഏതൊക്കെ ജില്ലകളിൽ ഐ.ടി. പാർക്കുകൾ ആരംഭിക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടുണ്ട് ; ഇവയുടെ ഓരോന്നിന്റെയും പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ ലഭ്യാക്കാമോ ; | എ) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിൽ ഹബ്ബുകളും ഇവ കേന്ദ്രീകരിച്ച് കൊല്ലം, തൃശ്ശൂർ, ചേർത്തല, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ സ്പോക്കുകളും ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ പാലായിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | ഇത്തരം ഐ.ടി. പാർക്കുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ഇപ്പോഴത്തെ സർക്കാരിന്റെ നയം വ്യക്തമാക്കുമോ ? | ബി) | ഇതിനായി ഐ.ടി. നയം 2012 പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ടെക്നോപാർക്ക്

1994–95 ൽ പ്രവർത്തനം ആരംഭിച്ച ടെക്നോപാർക്ക് 1,2,3 Phase കളിലായി 333 ഏക്കറിൽ വ്യാപിച്ചു കിടക്കുന്നു. ഇവിടെ Phase-III കമ്മീഷൻ ചെയ്യുന്നതോടു കൂടി 7.2 മില്ല്യൻ ച.അടി കെട്ടിടങ്ങൾ പ്രവർത്തന സജ്ജമാകും. 42,000 തോളം ഐ.ടി. പ്രഫഷണലുകൾ ജോലി ചെയ്തു വരുന്ന തിരുവനന്തപുരത്തെ ടെക്നോപാർക്ക് ഇൻഡ്യയിലെ ഏറ്റവും വലിയതും ഇനി വലിയ തോതിൽ വികസന സാധ്യതയുള്ളതുമായ പാർക്കായി മാറുകയാണ്.

ടെക്നോപാർക്കിന്റെ മറ്റൊരു സ്പോക്കായ പൂർണ്ണമായും പ്രത്യേക സാമ്പത്തിക മേഖലാ പദവിയിലുള്ള കുണ്ടറയിൽ സ്ഥാപിക്കുന്ന കൊല്ലം ടെക്നോപാർക്കിൽ 5 ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ടെക്നോപാർക്കിന്റെ ഐ.ടി. കെട്ടിട സമുച്ചയത്തിന്റെ ആദ്യ ഘട്ടമായ 1 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടംപൂർത്തിയായി കഴിഞ്ഞു. ഇവിടെയും കമ്പനികളുടെ ആവശ്യാനുസരണം Furnished & Unfurnished സ്ഥലസൗകര്യങ്ങൾ ലഭ്യമാണ്. Ready to Occupy - Fully furnished Plug & Play മാതൃകയിൽ 9 ബിസ്സിനസ്സ് ഓഫീസുകളുടെ (Smart Business Centre ) അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 110 kV Sub Station. Water, Sewage Treatment Plant, തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ, വൈദ്യുതി, ജലം, ഡേറ്റാ കണക്റ്റിവിറ്റി, മറ്റു വാർത്താവിനിമയ സൗകര്യങ്ങൾ റോഡുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവ പൂർത്തിയാക്കി ഉടനെ തന്നെ കമ്പനികൾ ഇവിടെ പ്രവർത്തിച്ചു തുടങ്ങുവാനാകുമെന്ന് കരുതുന്നു. ഇങ്ങനെ ടെക്നോപാർക്കിന്റെ നിലവിലുള്ള വിവിധ വികസന പദ്ധതികളിലായി നിർമ്മിച്ചിരിക്കുന്ന ഐ.ടി. കെട്ടിടങ്ങൾ പൂർത്തിയായികൊണ്ടിരിക്കുന്ന ക്രമത്തിൽ ഐ.ടി. സംരംഭങ്ങൾക്കായി കമ്പനികൾക്ക് നൽകി വരുന്നു.

തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്ത് 4 ഗ്രാമപഞ്ചായത്തുകളിലായി 450 ഏക്കറിൽ 3600 കോടി രൂപ ചിലവിലാണ് ടെക്നോസിറ്റി പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

ഇവിടെ ഇൻഫോസിസിന്റെ കേരളത്തിലെ രണ്ടാമത്തെ കാമ്പസ് തുടങ്ങുന്നതിനായി 50 ഏക്കർ ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. TCS -ന്റെ ഒരു ട്രയിനിംഗ് സെന്റർ തുടങ്ങുന്നതിനായി 97 ഏക്കർ അലോട്ട് ചെയ്തിട്ടുണ്ട്. ഇതു കൂടാതെ SunTec - 10 Acres-ഉം, IIITMK - 10 Acres-ഉം അലോട്ട് ചെയ്തിട്ടുണ്ട്.

## ഇൻഫോപാർക്ക്

ഇൻഫോപാർക്ക് കൊച്ചി ഒന്നാംഘട്ടം,ഇൻഫോപാർക്ക് തൃശ്ശൂർ, എന്നീ പാർക്കുകളിലെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഐ.ടി. മന്ദിരങ്ങളും ഐ.ടി. കമ്പനികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഇൻഫോപാർക്ക് ചേർത്തലയിൽ നിർമ്മിച്ചിട്ടുള്ള 2.4 ലക്ഷം ച.അടി ഐ.ടി. മന്ദിരം ഭാഗികമായി ഐ.ടി. കമ്പനികൾ ഉപയോഗിക്കുന്നുണ്ട്. ഏകദേശം 25,000 ച.അടി ഇപ്പോൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ഐ.ടി. കമ്പനികൾ ഇവിടെ അവരുടെ പ്രവർത്തനം ഉടൻ ആരംഭിക്കുമെന്ന് കരുതുന്നു.

| പാർക്ക് | നിർമ്മാണം പൂർത്തീകരിച്ച് അംഗീകാരം ലഭിച്ചിട്ടുള്ള മന്ദിരങ്ങളുടെ തറവിസ്താരം | പ്രയോജനപ്പെടുത്തിയിട്ടുള്ളത് | Remarks |
|---|---|---|---|
| ഇൻഫോപാർക്ക് കൊച്ചി ഒന്നാംഘട്ടം | 32 ലക്ഷം ച.അടി | 32 ലക്ഷം ച.അടി | 20 ലക്ഷം ച.അടി |
| ഇൻഫോപാർക്ക് കൊച്ചി രണ്ടാംഘട്ടം | | | 11 ലക്ഷം ച.അടി നിർമ്മാണം പുരോഗമിക്കുന്നു |
| ഇൻഫോപാർക്ക് തൃശ്ശൂർ | 0.60 ലക്ഷം ച.അടി | 0.60 ലക്ഷം ച.അടി | 3.3 ലക്ഷം ച.അടി |
| ഇൻഫോപാർക്ക് ചേർത്തല | 2.40 ലക്ഷം ച.അടി | 0.25 ലക്ഷം ച.അടി | |

## സൈബർപാർക്ക്

KSITIL -ന്റെ ഉടമസ്ഥതയിലുള്ള 42 ഏക്കർ ഭൂമിയിലാണ് കോഴിക്കോട് സൈബർപാർക്ക് വരുന്നത്. ഇതിൽ 28 ഏക്കറിന് സെസ്സ് പദവി ലഭ്യമായിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, സെസ്സ് ഭൂമിയുടെ compound wall, retaining wall, embankment തുടങ്ങിയവയുടെ പണി പുരോഗമിച്ചു വരുന്നു. ഇവിടെ സൈബർപാർക്കിന്റെ വികസനത്തിന് പുറമേ, വിവിധ Co-developers യും ഐ.ടി. സമുച്ചയങ്ങൾ നിർമ്മിക്കുന്നതിലേക്കായി കൊണ്ടു വരും. KSITIL ഇവിടെ 110 KV 20 MVA Gas Insulated Substation (GIS) പണിയുന്നുണ്ട്. സൈബർപാർക്ക് റോഡുകളുടെ Street light -കൾ September 2013 ഓടെ പ്രവർത്തന സജ്ജമാകും. ഇവിടെ 1 ഏക്കർ ഭൂമി CREST (Creste for Research and Education for Social Trasformation) ന് കൈമാറിയിട്ടുണ്ട്.

കാസർഗോഡ് ഐ.ടി. പാർക്ക് തുടങ്ങുന്നതിനായി 100 ഏക്കർ ഭൂമിയാണ് KSITIL-ന്റെ കൈവശമുള്ളത്. ഇതിൽ മുഴുവൻ ഭൂമിയ്ക്കും സെസ്സ് പദവി ലഭിച്ചിട്ടുണ്ട്. ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി തുടക്കം കുറിച്ചു.

കണ്ണൂർ ഐ.ടി. പാർക്ക് തുടങ്ങുന്നതിനായി ഏകദേശം 30 ഏക്കർ ഭൂമിയാണ് KSITIL-ന്റെ കൈവശമുള്ളത്. ഇതിൽ മുഴുവൻ ഭൂമിയ്ക്കും സെസ്സ് പദവി ലഭിച്ചിട്ടുണ്ട്.ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി തുടക്കം കുറിച്ചു.

## ഇൻഫോസിറ്റി

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ വള്ളിച്ചിറ വില്ലേജിൽ 45 ഏക്കർ ഭൂമിയിൽ INFOCITY എന്ന പേരിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.